# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2695 | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**ഹരിതകേരളം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.വി. ജോയി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വം, മാലിന്യസംസ്കരണം, കൃഷിവികസനം, ജലസംരക്ഷണം എന്നീ മേഖലകളുടെ ഏകോപിത പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി കർമ്മസേനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഹരിത കേരളം മിഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ജില്ലാ മിഷൻ കർമ്മസേനകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. ജില്ലാ കർമ്മസേനകൾ നിർവ്വഹിച്ച പ്രവർത്തനങ്ങൾ, ഹരിത കേരളം മിഷൻ വൈസ് ചെയർപേഴ്സന്റെ നേതൃത്വത്തിലുള്ള ടീം ഓരോ ജില്ലയിലുമെത്തി അവലോകനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കർമ്മസേനയുടെ ഭാവിപ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.<br>സംസ്ഥാന തലത്തിൽ ജില്ലാ കർമ്മസേനകൾക്ക് കിലയുടെ ആഭിമുഖ്യത്തിൽ ദ്വിദിന പരിശീലനം ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളുടെ ഏകോപന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകുകയുമുണ്ടായി.<br>ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ മിഷനുകളേയും, കർമ്മസേനകളേയും പ്രവർത്തന സജ്ജമാക്കുന്നതിന് വേണ്ടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പരിശീലനം നൽകുകയുണ്ടായി കർമ്മസേനകളുടെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കർമ്മസേനാംഗങ്ങൾക്ക് കിലയുടെയും ഐ.എം.ജി.-യുടെയും നേതൃത്വത്തിൽ ആവശ്യാനുസരണം പരിശീലനം ലഭ്യമാക്കിവരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ ഗൗരവമായി ഏറ്റെടുക്കാത്ത തദ്ദേശ. സ്ഥാപനങ്ങളെ കണ്ടെത്തി ഫലപ്രദമായി ഇടപെടുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മിഷൻ പ്രവർത്തനങ്ങൾ ഗൗരവമായി ഏറ്റെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവർത്തനങ്ങൾ വിലയിരുത്തി ഫലപ്രദമായി ഇടപെടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അതത് പ്രദേശത്തിന്റെ സാധ്യതയും വിഭവശേഷിയും അനുസൃതമായി കർമ്മമേഖലകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | അപ്രകാരമാണ് പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ